


Little Kites Unit
G H S S PANICKANKUDY
IDUKKI
Pin 685571

## എഡിറ്റോറിയൽ

പണിക്കൻകുടി ഗവ: ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങളായ കുട്ടിപ്രതിഭകളുടെ സർഗവാസന ഓരോ ഇതളുകളായി വിടരുകയാണ്.ഈ സർഗ ലോകത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

നിങ്ങളുടെ വായനക്കായി സമർപ്പിക്കുന്നു.......................

# ഇതളുകൾ

ആസ്വദിച്ചാലും..............

# അണിയറ ശില്പികൾ

ചീഫ് എഡിറ്റർ ................ അന്ന എസ്
സ്റ്റാഫ് എഡിറ്റർ ............... സ്മിത എ എസ്
സ്റ്റുഡന്റ് എഡിറ്റർ ............ എബിയ തങ്കച്ചൻ

## എഡിറ്റോറിയൽ ബോർഡ്

ആൽബി ബിനോയി,അക്ഷയ സാബു,അശ്വതി കെ എസ്,
നസൈഫ വി പി,രാജേഷ് പി എ

## കൈറ്റ് മിസ്ട്രസസ്

അന്ന എസ്
നസൈഫ വി പി

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

1. ദേവാനന്ദ് വി എസ്
2.അബിൻ യോഹന്നാൻ
3. അഭിനന്ദ് വിനോദ്
4. ജോർജ്കുട്ടി പോൾ
5. ബനയാം നൈനാൻ
6. അലക്സ് മാത്യു
7. ബിബിറ്റ് ബിനോയി
8. മനീഷ് മനോജ്
9. ആൻമരിയ വർക്കിച്ചൻ
10. ജിബി ജൂബി
11. അതുല്യ ബിജു
12..മനീഷ പി എം
13. അക്സ് ഷാജി



# ആശംസകൾ

ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ഡിജിറ്റൽ മാഗസിൻ സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു

## അഭിനന്ദനങ്ങൾ

ഗണേഷ് കുമാർ കെ ടി
ഹെഡ് മാസ്റ്റർ
ജി എച്ച് എസ് പണിക്കൻകുടി



## മാരുതി മതി മതി

കുടയും വേണ്ടിനി
വടിയും വേണ്ടിനി
കുടവയർ താങ്ങാൻ
മാരുതി മതി മതി






## പൂവ്



പൂവെ പൂവെ കൊഴിയല്ലെ
പൂന്തെന്നല്ല വിളിച്ചാൽ പോവല്ലേ
മഴയിൽ ഇതളുകൾ പൊഴിക്കല്ലേ
പൂവെ പൂവെ കൊഴിയല്ലേ

അഭിനന്ദ് വിനോദ്

# മഹത് വചനങ്ങൾ





വിജയം ആസ്വാദ്യകരമാകണമെങ്കിൽ
പ്രയാസങ്ങൾ ആവശ്യമാണ്

*എ.പി.ജെ അബ്ദുൾകലാം*



അധർമ്മപക്ഷത്ത് നിന്ന് ജയിക്കുന്നതിലും നല്ലത്
ധർമ്മപക്ഷത്ത് നിന്ന് പരാജയപ്പെടുന്നതാണ്

*ശ്രീനാരായണ ഗുരു*



ഒരു കുട്ടി, ഒരു
അദ്ധ്യാപിക
ഒരു പുസ്തകം,
പിന്നെയൊരു
പേന ഇവയ്ക്ക് ഈ ലോകം
മാറ്റിമറിക്കാൻ കഴിയും

*മലാല യൂസഫ് സായി*




മറ്റുള്ളവർ നിങ്ങൾക്ക് നേരെ
കല്ലെറിയുന്നെങ്കിൽ നിങ്ങൾ
അവയെ നാഴികക്കല്ലുകളാക്കുക

*സച്ചിൻ ടെണ്ടുൽക്കർ*

*ആൽബി ബിനോയി*

# ജീവിതമാകുന്ന പാഠപുസ്തകം

ജീവിതമാകുന്ന പാഠപുസ്തകം
തൻ താളുകൾക്കുള്ളിൽ
ജീവിതമാകുന്ന പാഠങ്ങളിൽ
ഒളിഞ്ഞിരിക്കും ഓരോ അക്ഷരത്തിനുമുണ്ട്
ആഹ്ലാദത്തിൻെറയും നൊമ്പരത്തിൻെറയും
കഥ പറയാൻ



സ്നേഹത്തിൻ പ്രതീകമാം
ചെറുപുഞ്ചിരി  നൽകാൻ മറന്നുവോ....
സ്വയം നെയ്തെടുത്ത
രൗദ്രവും ദേഷ്യവും നൽകിയില്ല
ജീവിതയാത്ര തൻ പാതയിൽ
തെളിവേകും ഈ ചെറുചിരി
നിൻ അധരങ്ങളിൽ
വിടരുമ്പോൾ ഇരുളുപോലും
പ്രകാശമുള്ളതാവും.....
ജീവിതയാത്രയിൽ തളരാതെ
മുന്നേറുക...........
ജീവിതമാം പാഠപുസ്തകത്തിൽ
നിൻ സത്പ്രവർത്തികൾ
രേഖപ്പെടുത്തിയിരിക്കും.



*എയ്ഞ്ചൽ മാത്യു*

# ദൈവത്തിനെഴുതിയ കത്തുകൾ

പുസ്തകമില്ലാത്തതിനാൽ ക്ലാസ്സ് മുറിയുടെ പുറത്ത്
നിൽക്കുമ്പോഴാണ് ഞാൻ
നിനക്ക് കത്തുകളെഴുതിയത്
ദൈവത്തിനു കത്തുകളോ
സംശയത്തോടെ കൂട്ടുകാരി........
ഞാനെഴുതുമെന്ന് പറഞ്ഞ്
ആദ്യത്തെ കത്ത്.........
പിന്നെയും എത്രയോ........



**ആൻമരിയ വർക്കിച്ചൻ**

# പ്രളയം



വാർത്തയിൽ പ്രളയം
കണ്ണീരിൻെറ പ്രളയം
മഴ ദൈവങ്ങൾ കോപിച്ച
പ്രളയം........
എങ്ങും ദു:ഖം ഓർമ്മകൾ മറഞ്ഞു
പ്രളയത്തിൽ......
സ്വപ്നങ്ങൾ ഒഴുകി....
പ്രളയത്തിൽ
നിനവുകൾ കുതിർന്നു.....
പ്രളയത്തിൽ....
ഹൃദയത്തിലും.....
വാർത്തയിലും.......
പ്രളയം....

**എബിയ തങ്കച്ചൻ**



# നഗരം



ഒരേ പോലിരിക്കുന്ന തെരുവുകൾ
മൗനം നിറഞ്ഞ്
സമയം വറ്റിയ മുഖങ്ങൾ
കരുണയില്ലാത്ത,സ്വാർത്ഥതയുടെ,
സമ്പത്തിൻെറ അടിമകൾ
പൊള്ളുന്ന ജീവിതങ്ങൾ
പൊലിയുന്ന ബാല്യകൗമാരങ്ങൾ
സമയമില്ലത്രേ സകലർക്കും
ഇവിടെ ജീവിതം പൊള്ളുന്നുവല്ലോ.

അക്ഷയ സാബു





# ഒരു കവിത



വാക്കുകളുടെ വീട്ടു തടങ്കലിൽ നിന്നു
ഒരു...കവിത.
പരോൾ ചോദിക്കുന്നു
വീണ്ടും കവിതകളെഴുതാനായ്...
പരോൾ ചോദിക്കുന്നു....?.....
ശിക്ഷ കഴിഞ്ഞ അവൾ...
കുമ്പസാരം കഴിഞ്ഞ്,
അൾത്താരയിലെ ചുമർ ചിത്രത്തിൽ നിന്നും
മാലാഖകുഞ്ഞുങ്ങളായി പറന്നിറങ്ങുന്നു.

അശ്വതി കെ.എസ്



# തണ്ണീർത്തടങ്ങളുടെ പ്രാധാന്യം

ആറുമാസമെങ്കിലും ജലത്താൽ ആവൃതമോ ജലനിർഭരമോ ജലനിമഗ്നമോ ആയതും തനതായ പാരിസ്ഥിക സവിശേഷതകൾ ഉള്ളതുമായ ഭൂപ്രദേശമാണ് തണ്ണീർത്തടം. അധികം ആഴമില്ലാത്ത ജലം കടൽ ജലമോ ശുദ്ധജലമോ ഓരു വെള്ളമോ സ്ഥിരമായോ, വർഷത്തിൽ കുറച്ച് കാലമോ കെട്ടിക്കിടക്കുന്ന കരപ്രദേശമാണിത് .





ജലസസ്യങ്ങൾക്കും ജീവികൾക്കും വസിക്കുവാൻ യോഗ്യമായ ഇത്തരം പ്രദേശങ്ങളിൽ ചെളി കെട്ടികിടന്ന്ജൈവാവശിഷ്ടങ്ങളാൽ  സമ്പുഷ്ടമായതുമായ മണ്ണ് കാണപ്പെടുന്നു. പാരിസ്ഥിതിക സംതുലനത്തിൽ തണ്ണീർത്തടങ്ങൾ അനിവാര്യമായ പങ്ക് വഹിക്കുന്നു. മറ്റുള്ള ആവാസവ്യവസ്ഥകളെക്കാൾ ജൈവവൈവിധ്യം കൊണ്ട് സമ്പുഷ്ടമാണ് തണ്ണീർത്തടങ്ങൾ. മനുഷ്യൻെറ കടന്നു കയറ്റം മൂലം തണ്ണീർത്തടങ്ങൾ ഇന്ന് മരിച്ചുകൊണ്ടിരിക്കുന്നു. ഇതിന് അവസാനമുണ്ടാക്കാൻ നാം തന്നെ മുന്നിട്ടിറങ്ങേണ്ടതാണ്.

അലക്സ് സന്തോഷ്

# അമ്മ എന്ന സ്വർഗ്ഗം



'അമ്മ' എന്ന രണ്ട് അക്ഷരമുള്ള വാക്കാണ് ലോകത്തിലെ ഏറ്റവും വിലയുള്ള, മഹത്വമുള്ള വാക്ക്. കരഞ്ഞു കൊണ്ട് വരുന്ന നമ്മെ ചിരിച്ചുകൊണ്ട് വരവേൽക്കുന്ന പുണ്യം. ഓരോ വീഴ്ചയിലും മോളെ എന്നും മോനെയെന്നും വിളിച്ചുകൊണ്ട് ഓടിവന്ന് മാറോടണയ്ക്കുന്ന പുണ്യം. നമ്മുടെ ഓരോ പേടിയിലും, വേദനയിലും, ദു:ഖത്തിലും, ഏകാന്തതയിലും കൂടെയുള്ള അമ്മയുടെ സ്നേഹവും, പ്രാർത്ഥനയും. നമ്മുടെ ഓരോ കുസൃതികളും, കുത്തുവാക്കുകളും സ്നേഹത്തോടെ മറക്കുന്ന പുണ്യം. ഈ പുണ്യങ്ങളെല്ലാം ചേർന്നതാണ് ഈ ലോകത്തിലെയെല്ലാ അമ്മമാരും. ഇവരാണ് എന്റെ അമ്മ എന്ന സ്വർഗ്ഗം.



നമ്മൾ എല്ലാവരോടും ചോദിക്കുക. ദൈവത്തെ കണ്ടിട്ടുണ്ടോ എന്ന്. എല്ലാവരും പറയും ഇല്ല എന്ന്. പക്ഷെ നമ്മൾ ഓരോ വ്യക്തികളും കണ്ടിട്ടുണ്ട്. നമുക്ക് ജീവൻതന്ന നമ്മളെ ഗർഭപാത്രത്തിൽ സ്നേഹം തന്ന് സംരക്ഷിച്ച, അവസാനം വലിയ വേദന നൽകി നമ്മൾ ഈ ഭൂമിയിലേക്ക് വരാൻ കാരണമായ നമ്മുടെ അമ്മയാണ് നമ്മുടെ ആദ്യത്തെ ദൈവം.
"മാത,പിതാ,ഗുരു,ദൈവം" നമ്മുടെ ദൈവം അമ്മയാണ്.
ദൈവം ഭൂമിയിലെ ഓരോ കുഞ്ഞിനെയും സംരക്ഷിക്കാനയച്ച നമ്മുടെ അമ്മമാരാണ് നമ്മുടെ ദൈവം.

അക്സ് ഷാജി



# നന്ദി

ടീം ലിറ്റിൽ കൈറ്റ്സ്

LK/2018/29051

